

# വികാരിയിൽ നിന്ന് ...

28-04-2017

ദൈവനാമം മഹത്വപ്പെടട്ടെ!

കർത്താവിൽ പ്രിയദൈവജനമേ,

ക്രൈസ്തവ സഭ വലിയ നോമ്പ് കഴിഞ്ഞ് അനുതാപത്തിലൂടെ പുതുക്കപ്പെട്ട് പുതിയ ആത്മീയ ചൈതന്യം പ്രാപിച്ചിരിക്കുന്ന നാളുകളാണല്ലോ ഇത്. കർത്താവിൻെറ പീഡാനുഭവത്തിലും, മരണത്തിലും താദാത്മ്യപ്പെടുവാനും അതിലൂടെ ഉയിർപ്പിൻെറ ജീവനും,ചൈതന്യവും നമുക്ക് സ്വായത്തമാക്കുവാനും കഴിയുമ്പോഴാണ് ആത്മീയ വളർച്ച സാദ്ധ്യമാകുന്നത്. ഉയിർത്തെഴുന്നേറ്റ കർത്താവ് പലപ്രാവശ്യം ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുകയും ദർശനം നൽകുകയും ചെയ്യുന്നു.എന്നാൽ തദവസരത്തിൽ അവിടെ ഇല്ലാതിരുന്ന വിശുദ്ധ തോമസ് അപ്പോസ്തലൻ സഹശിഷ്യന്മാരോടു തൻെറ സംശയങ്ങളും ആഗ്രഹങ്ങളും പ്രകടിപ്പിക്കുന്നു. തുടർന്ന് വിശുദ്ധ തോമസ്അപ്പോസ്തലനുവേണ്ടി കർത്താവ് വീണ്ടും പ്രത്യക്ഷപ്പെട്ട് ദർശനം നൽകുന്നതിലൂടെ യഥാസ്ഥാനപ്പെടുവാൻ അദ്ദേഹത്തിനു ഇടയായി. സംശയങ്ങൾ നീങ്ങിയ തോമസ് അപ്പോസ്തലൻ, വിശ്വാസത്തിൽ ദൃഢപ്പെട്ട് പ്രഖ്യാപിക്കുന്നത് 'എൻെറ കർത്താവും എൻെറ ദൈവവുമേ' എന്നാണ്. ഇത് ഇന്ന് സഭയുടെ വിശ്വാസ പ്രഖ്യാപനമാണ്. യേശുക്രിസ്തുവിനെ ക്രൂശിച്ച ഭരണകൂടവും, മത മേലധികാരികളും. തങ്ങളേയും ഉപദ്രവിക്കുമെന്ന് ശിഷ്യന്മാർക്ക് ബോദ്ധ്യമായി. ആയതിനാൽ അടച്ചിട്ട മുറിയിൽ ഭയത്തോടും, സങ്കടത്തോടും, നിരാശയോടും കൂടിയാണ് ആ നാളുകളിൽ ശിഷ്യന്മാർ വസിച്ചത്. എന്നാൽ ഉയിർത്തെഴുന്നേറ്റ കർത്താവ് അവർക്ക് സമാധാനവും, ശാന്തിയും വാഗ്ദാനം ചെയ്യുകയും അവരെ ധൈര്യപ്പെടുത്തി, യഥാസ്ഥാനപ്പെടുത്തി തൻെറ ദൗത്യ വാഹകരായി നിയോഗിക്കുകയും ചെയ്യുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവിൻെറ ശക്തിയിൽ ശിഷ്യസമൂഹം ഭൂലോകത്തിലൊക്കെയും പോയി സുവിശേഷം അറിയിച്ചു. ആ നിയോഗത്തിൻെറ പിൻതുടർച്ചയാണു സഭയായി നമുക്ക് ഇന്ന് നിർവഹിക്കാനുള്ളത്.

ഈ കാലയളവിൽ ഇടവകയുടെയും സംഘടനകളുടെയും വാർഷികങ്ങൾ നടക്കുകയാണല്ലോ. വാർഷികം നടത്തുമ്പോൾ സത്യസന്ധമായ ഒരു അവലോകനം, വിശകലനം,വിലയിരുത്തൽ,സ്വയവിമർശനം,തിരിഞ്ഞു നോട്ടം ഇവ അത്യന്താപേക്ഷിതമാണ്. ദൈവം തന്ന പണം, സമയം, കഴിവ് ഇവയെല്ലാം കാര്യക്ഷമമായി ദൈവത്തിനു വേണ്ടി ചിലവഴിച്ചുവോ എന്ന് സ്വയം ചോദിക്കുക. പോരായ്മകളും, കുറവുകളും,കണ്ടെത്തി പുനസമർപ്പണത്തിനും തിരുത്തലിനും തയ്യാറായാൽ നമ്മുടെ ജീവിതം ധന്യമായിത്തീരും.

കഴിഞ്ഞ ഒരു സാമ്പത്തികവർഷം ഇടവകയായി അനുഗ്രഹപ്രദമായി പ്രവർത്തിക്കുവാൻ നമ്മെ സഹായിച്ച ദൈവത്തിനു നന്ദിയും, സ്തുതിയും, സ്തോത്രവും കരേറ്റം. ഉപദേശം കൊണ്ടും, വാത്സല്യം കൊണ്ടും,സാന്നിദ്ധ്യം കൊണ്ടും നമുക്ക് നേതൃത്വം തന്ന മെത്രാപ്പോലീത്താ, ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായോടു വാക്കുകൾക്ക് അതീതമായ നന്ദിയും, സ്നേഹവും അറിയിക്കുന്നു. കൂടാതെ കഴിഞ്ഞ ഒരു വർഷം വളരെ ആത്മാർത്ഥമായി പ്രവർത്തിച്ച ഇടവകചുമതലക്കാരോടും. കമ്മറ്റി അംഗങ്ങളോടും സംഘടനയുടെ ചുമതലക്കാരോടും, അംഗങ്ങളോടും, മറ്റ് പലവിധത്തിൽ ഇടവകയ്ക്ക് താങ്ങും തണലുമായിരുന്ന ഇടവവക ജനങ്ങളോടും ഉള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു

ദൈവം ഓരോ വ്യക്തികളെയും അതുല്യരായി സൃഷ്ടിച്ചിരിക്കുന്നു. ഓരോരുത്തരും വ്യത്യസ്തരാണ്. ഫിംഗർ പ്രിൻറ് തന്നെ എടുക്കുക, എത്ര വ്യത്യസ്തമായിട്ടാണ് ദൈവം നമ്മെ സൃഷ്ടിച്ചതെന്ന് ഇവിടെ വ്യക്തമാണ്. അങ്ങനെ എല്ലാവരേയും അതുല്യരായി ദൈവം സൃഷ്ടിച്ചിരിക്കെ ആരേയും അവഗണിക്കാനോ, പുച്ഛരിക്കാനോ പാടില്ല. ദൈവസൃഷ്ടിയിൽ എല്ലാവരും വിലപ്പെട്ടവരും, വിശിഷ്ടരും ആണ്. നാം വാക്കു കൊണ്ടും, പ്രവർത്തി കൊണ്ടും മറ്റുള്ളവരെ ചെറുതായി കാണാനും,നിസ്സാരന്മാരായി ചിത്രീകരിക്കാനും മുതിരുന്നത് വലിയ അപരാധം ആണു. മറ്റുള്ളവരുടെ വ്യക്തിത്വത്തെ അംഗീകരിക്കുവാനും, ബഹുമാനിക്കാനും തയ്യാറാകുമ്പോൾ മാത്രമെ നാം ശ്രേഷ്ഠതയുള്ളവരായി മാറുകയുള്ളു.

യേശുകർത്താവ് നമുക്ക് എന്നും നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്ക് വേണ്ടി തൻെറ ജീവനെ കൊടുക്കുന്നു. തൻെറ ജീവിതത്തിലും നല്ല ഇടയൻെറ എല്ലാ സവിശേഷതകളും യേശു വെളിപ്പെടുത്തി. ആടുകളെ ഓരോന്നിനേയും ഓമനപ്പേർ ചൊല്ലി വിളിക്കുന്ന, നമ്മെ വ്യക്തിപരമായി, വ്യക്തമായി അറിയുന്നവനാണ് കർത്താവ്. ഒന്നുപോലും നഷ്ടപ്പെടുവാൻ ഇടയൻ ആഗ്രഹിക്കുന്നില്ല. നഷ്ടപ്പെടുന്ന ഒന്നിനെകുറിച്ച് പോലും ഹൃദയവേദനപ്പെടുന്നവനാണ് നമ്മുടെ കർത്താവ്. കണ്ടെത്തുന്നത് വരെ അന്വേഷിക്കുകയും, കണ്ടെത്തിയാൽ തോളിലേറ്റി മാറോടണച്ച് കൂട്ടിച്ചേർക്കുകയും ചെയ്യുന്നവനാണ് നമ്മുടെ ഇടയൻ. യഹെസ്കേൽ പ്രവാചകൻ നല്ല ഇടയനെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു, (യെഹ.34:16) 'കാണാതെ പോയതിനെ ഞാൻ അന്വേഷിക്കുകയും ഓടിച്ച് കളഞ്ഞതിനെ തിരിച്ച് വരുത്തുകയും ഒടിഞ്ഞതിനെ മുറിവ് കെട്ടുകയും ദീനം പിടിച്ചതിനെ ശക്തീകരിക്കുകയും ചെയ്യും' എന്നുള്ള പ്രവചനം യേശുക്രിസ്തുവിൽ നിവൃത്തിയായി. കാണാതെ പോയതിനെ തിരികെ കിട്ടുമ്പോൾ സ്വർഗ്ഗം ആനന്ദിക്കുന്നു എന്നുള്ള മഹനീയ സത്യം യേശു നമുക്ക് വെളിപ്പെടുത്തുന്നു. യഥാസ്ഥാനപ്പെട്ട് മടങ്ങിവരുന്ന ഏത് പാപിയേയും ഉപാധികളില്ലാതെ സ്നേഹിക്കുന്ന, സ്വീകരിക്കുന്നവനാണ് നമ്മുടെ കർത്താവ്. പാപികളെ ഉന്മൂലനം ചെയ്യുന്നത് കണ്ട് സന്തോഷിക്കുന്ന ദൈവത്തിൻെറ ചിത്രമാണ് യഹൂദ മതനേതാക്കന്മാരുടെ ഉള്ളിലുള്ളത്. അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായ നമ്മെ ക്രിസ്തുയേശുവിലൂടെ ഉയിർത്തെഴുന്നേൽപ്പിച്ച് വീണ്ടെടുത്തിരിക്കുന്നു. ഈ കർത്താവ് തൻെറ ആടുകളെ മേയിക്കുവാനും,പരിപാലിക്കുവാനും ഉള്ള നിയോഗമാണ് പത്രോസിനു നൽകുന്നത്. പിന്മാറ്റത്തിലേക്ക് പോയ പത്രോസിനെ സ്നേഹം കൊണ്ട് വീണ്ടെടുത്ത് യഥാസ്ഥാനപ്പെടുത്തുന്നു. നമുക്കും നല്ല ഇടയൻെറ സ്നേഹവാത്സല്യങ്ങളും,കരുതലും, സംരക്ഷണവും ആവശ്യമാണ്. ആ സ്നേഹനിധിയായ കർത്താവ് നമ്മെ ഏൽപ്പിച്ചിരിക്കുന്ന ദൗത്യത്തിൽ നമുക്കും പങ്ക് ചേരാം. നല്ല ഇടയൻെറ കൈക്കീഴിലെ അനുസരണമുള്ള ആടുകളായി അവനെ അനുഗമിക്കാം. അതിനു കർത്താവ് നമ്മെ ഏവരേയും സഹായിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് നിർത്തുന്നു.

നിങ്ങളുടെ ഇടവക വികാരി

**റവ. ജോർജ് യോഹന്നാൻ**

ഫോൺ. 39732763,17250630

rev.georgeyohannan@gmail.com